പത്രക്കുറിപ്പ്
19-01-2018

**എസ്‌വിഇപി: സംരംഭ വികസനത്തിന് കുടുംബശ്രീയ്ക്ക്**
**കേന്ദ്രത്തിന്റെ 65 കോടിയുടെ പദ്ധതി അനുമതി**

തിരുവനന്തപുരം: കേരളത്തിലെ പന്ത്രണ്ട് ജില്ലകളിൽ കൂടി സ്റ്റാർട്ട് അപ്പ് വില്ലേജ് സംരംഭകത്വ വികസന പദ്ധതി (എസ്‌വിഇപി) വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീ സമർപ്പിച്ച 65 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുമതി നൽകി. കേന്ദ്ര ഗ്രാമവികസന സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന എംപവേർഡ് കമ്മിറ്റി യോഗം 12 ജില്ലകളിലെ പന്ത്രണ്ട് ബ്ലോക്കുകൾക്കായി കുടുംബശ്രീ തയാറാക്കിയ പ്രോജക്ട് റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകുകയും തുക അനുവദിക്കുകയുമായിരുന്നു. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപപദ്ധതിയായ എസ്‌വിഇപി, പ്രാദേശിക സാധ്യതകൾ മനസിലാക്കി ആരംഭിക്കുന്ന സംരംഭങ്ങളുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിലാണ് പദ്ധതിയിൽ പണം മുടക്കുന്നത്.

എറണാകുളം ജില്ലയിലെ വടവുകോട്, പത്തനംതിട്ട ജില്ലയിലെ പറക്കോട് എന്നീ ബ്ലോക്കുകളിൽ എസ്‌വിഇപി പദ്ധതി കഴിഞ്ഞ ഒരു വർഷമായി കുടുംബശ്രീ നടപ്പാക്കി വരികയാണ്. ഇത് കൂടാതെ കാസർഗോഡ് ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, കണ്ണൂരിലെ കൂത്തുപറമ്പ്, വയനാട്ടിലെ പനമരം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, മലപ്പുറത്തെ നിലമ്പൂർ, പാലക്കാട് ജില്ലയിലെ നെന്മാറ, തൃശ്ശൂർ ജില്ലയിലെ കൊടകര, ഇടുക്കിയിലെ ഇടുക്കി ബ്ലോക്ക്, കോട്ടയത്തെ വൈക്കം, ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി, കൊല്ലത്തെ പത്തനാപുരം, തിരുവനന്തപുരത്തെ വാമനപുരം എന്നിവിടങ്ങളിലാണ് പദ്ധതി ഇനി വ്യാപിപ്പിക്കുക. ഇതോടെ എല്ലാ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന ഏക സംസ്ഥാനമായും കേരളം മാറും.

ചെറുകിട സംരംഭ രംഗത്ത് വലിയ സാധ്യതകളുള്ള ഈ പദ്ധതി മറ്റ് പന്ത്രണ്ട് ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം നടപ്പാക്കുന്നതിന് 2017 ജൂലൈ മാസത്തിൽ കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നു. അതു പ്രകാരമുള്ള പദ്ധതി നിർവ്വഹണത്തിനായി തയാറാക്കിയ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചത്. ഇതനുസരിച്ച് വരുന്ന നാല് വർഷത്തിനുള്ളിൽ ഈ ബ്ലോക്കുകളിൽ 20318 സംരംഭങ്ങൾ ആരംഭിക്കും. പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നത് കുടുംബശ്രീയുടെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനാണ് (എൻആർഒ).

പ്രത്യേക പരിശീലനം ലഭിക്കുന്ന വ്യക്തികളുടെ സേവനം സംരംഭകർക്ക് ലഭ്യമാക്കിയും വായ്പയ്ക്കുള്ള സഹായം നൽകിയും ഒരു ബ്ലോക്കിൽ രണ്ടായിരത്തിലേറെ സംരംഭങ്ങളെ പദ്ധതി അനുസരിച്ച് സഹായിക്കും. ബ്ലോക്ക് റിസോഴ്സ് സെന്റർ സ്ഥാപിച്ച് പുതിയതും നിന്നു പോയതുമായ സംരംഭങ്ങൾക്കാവശ്യമുള്ള സഹായം നൽകുന്നതിന് റിസോഴ്സ് സെന്റർ തുടങ്ങുക, പുതിയ സംരംഭങ്ങളെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക, നിലവിലുള്ള സംരംഭകർക്കായി പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം തുടങ്ങുക എന്നീ മൂന്ന് ലക്ഷ്യങ്ങളാണ് എസ്‌വിഇപി പദ്ധതിക്കുള്ളത്.

എക്സിക്യൂട്ടീവ് ഡയറക്ടർ